(ബി) 2004-05 വാർഷിക പദ്ധതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങളിൽ പൂർണ്ണത കൈവരിക്കാൻ കഴിയാതെ പോയിട്ടുള്ളവരെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) 2004-05-ൽ നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പിനുവേണ്ടി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിലും, പരിപാടികളിലും നാളിതുവരെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയാതെ പോയിട്ടുള്ളവ ഏതൊക്കെയാണ്?

ഉത്തരം

(എ) തൃത്താലയിലെ റഗുലേറ്റർ കം ബ്രിഡ്ജ് ആണ് 2004-05 വർഷത്തിൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതി. എന്നാൽ ഫ്ളഡ് ബാങ്ക്, ബാങ്ക് കണക്ഷൻ എന്നീ പണികൾ ചെയ്യാൻ കഴിയാത്തതിനാൽ ടി പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

(ബി) 2004-05 വാർഷിക പദ്ധതിയിൽ നടപ്പിലാക്കാൻ ലക്ഷ്യമിട്ട പദ്ധതി പ്രവർത്തനങ്ങൾ എല്ലാംതന്നെ ധൃതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം പൂർണ്ണത കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. കുരിയാർകുറ്റി പദ്ധതിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

കോടതിയിൽ വ്യവഹാരങ്ങൾ നീണ്ടുപോയതിനാലും സ്ഥലം ലഭിക്കാതിരുന്നതിനാലും മൂവാറ്റുപുഴ പദ്ധതിയുടെ ചില പണികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട്.

(സി) മൂവാറ്റുപുഴ പദ്ധതിയുടെ ചില ഭാഗങ്ങൾ പണിപൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. പലകപ്പാണ്ടി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ സമീപഭാവിയിൽ ആരംഭിക്കുന്നതാണ്.

ശുദ്ധജല വിതരണത്തിന് ഉപയോഗിക്കുന്ന അണുനാശന രീതി

48 [2517] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിന് ഉപയോഗിക്കുന്ന അണുനാശനരീതി 'ക്ലോറിനേഷൻ' മാത്രമാണോ;

(ബി) മാരകരോഗങ്ങൾ ഉണ്ടാക്കുന്ന ക്ലോറിനേഷനെ അതിജീവിക്കുന്ന രോഗാണുക്കളെ നശിപ്പിക്കുന്നതിന് കഴിയുന്ന പൂർണ്ണമായും അണുനാശനം ചെയ്ത ശുദ്ധജലം മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്നതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണ പദ്ധതികളിൽ ജലം അണുവിമുക്തമാക്കുന്നത് ക്ലോറിനേഷൻ വഴിയാണ്. പരീക്ഷണാടിസ്ഥാനത്തിൽ ചില പദ്ധതികൾക്ക് സിൽവർ അയണൈസേഷൻ രീതി അവലംബിച്ചു നോക്കിയിട്ടുണ്ട്.

(ബി) മെഡിക്കൽ കോളേജുകളിലേക്ക് പൂർണ്ണമായും അണുനാശനം ചെയ്ത ജലം ആവശ്യമെങ്കിൽ അതിനുള്ള പ്ലാന്റുകൾ സ്ഥാപിക്കേണ്ടത് മെഡിക്കൽ കോളേജുകൾ തന്നെയാണ്.

സുനാമി തിരകളെ പ്രതിരോധിക്കാൻ പുലിമുട്ടുകളും കടൽഭിത്തികളും

49 [2518] ശ്രീ. എം. മുരളി :
,, കെ. അച്ചുതൻ :
,, വി. ഡി. സതീശൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടൽകയറ്റമുണ്ടാകുന്ന ഏതെല്ലാം പ്രദേശങ്ങളിലാണ് സുനാമി തിരകൾ ജീവനും സ്വത്തിനും കടുത്ത നാശനഷ്ടങ്ങളുണ്ടാക്കിയത് എന്ന് അറിയിക്കുമോ;

(ബി) ഇത്തരം സ്ഥലങ്ങളിൽ ഉയർന്ന പുലിമുട്ടുകളും കടൽഭിത്തികളും നിലവിലുണ്ടായിരുന്നുവോ;

(സി) ഉയർന്ന പുലിമുട്ടുകൾക്കും കടൽഭിത്തികൾക്കും കടലേറ്റത്തേയും സുനാമി തിരകളേയും ഒരു പരിധിവരെ പ്രതിരോധിക്കുവാൻ കഴിവുണ്ടോ?

ഉത്തരം

(എ) കടൽകയറ്റമുണ്ടാകുന്ന താഴെ പറയുന്ന പ്രദേശങ്ങളിൽ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

കൊല്ലം ജില്ല : അഴീക്കൽ, അഴീക്കൽ ക്ഷേത്രമുക്ക്, പഞ്ചാരത്തോപ്പ്, ശ്രായിക്കാട്, കുഴിത്തുറ, ആലപ്പാട് സെൻട്രൽ, കാക്കത്തോപ്പ്, കാറ്റാടി കോളനി, ചെറിയഴീക്കൽ, പഞ്ചാരതുരുത്ത്, വെള്ളനാതുരുത്ത്, തെക്കൻ പരവൂർ, പരവൂർ പൊഴിക്കര, മുക്കം, താന്നി, തിരുമുല്ലവാരം, ശക്തികുളങ്ങര, നീണ്ടകര, ചവറ.

ആലപ്പുഴ ജില്ല : ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, തോട്ടപ്പള്ളി പുഴയുടെ ഇരുകരകൾ, വാടക്കൽ ഇ. എസ്. ഐ. ആശുപത്രിയുടെ തെക്കുവശം, വിജയാ പാർക്ക്, കാഞ്ഞിരംചിറ, മംഗലം, പുന്നപ്ര, അന്ധകാരനഴി, പള്ളിത്തോട്, ചാപ്പക്കടവ്.

LIBRARY ARCHIVES Kerala Legislative Assembly